(എഫ്) ഇപ്പോൾ ഇത് പ്രവർത്തനക്ഷമമാണോ;

(ജി) പ്രവർത്തനക്ഷമമല്ലെങ്കിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫിസിഷ്യൻ -1
സർജൻ -1
പീഡിയാട്രീഷ്യൻ -1
ഗൈനക്കോളജിസ്റ്റ് -1
അനസ്തീഷ്യോളജിസ്റ്റ് -1
ഓർത്തോപീഡിക്സ് സർജൻ -1

(ബി) ഫിസിഷ്യൻ, സർജൻ എന്നീ തസ്തികകൾ ഒഴിവുണ്ട്. ഈ ഒഴിവുകൾ നിലവിൽവന്നിട്ട് ഒരു വർഷമായി

(സി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) 16-7-1991-ൽ

(ഇ) ഇല്ല.

(എഫ്) ഓപ്പറേറ്റർ ഇല്ലാത്തതിനാൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

(ജി) ഓപ്പറേറ്ററെ നിയമിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

72 (981) **ഇ.എസ്.ഐ.ആശുപത്രികളിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർമാരുടെ നിയമനം**

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിലെ നിയമനത്തിനായി പി.എസ്.സി. തയ്യാറാക്കിയ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാരുടെ ലിസ്റ്റ് നിലവിലുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ നികത്താനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇ.എസ്.ഐ. ആശുപത്രികളിൽ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാർ ജോലിയിൽ തുടരുന്നുണ്ടോ; എങ്കിൽ എത്ര പേർ;

(ഡി) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ കോൺട്രാക്റ്റ് വ്യവസ്ഥയിലുള്ള നിയമനം നിർത്തലാക്കി പകരം പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇരുപത്തിയൊന്ന്.

(സി) ഉണ്ട്. അഞ്ചുപേർ.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly